15 YEARS OF CELEBRATING THE MAHATMA

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 568/എ2/2018/പർച്ചേയ്സ്

29.02.2020

# ക്വട്ടേഷൻ നോട്ടീസ്

## തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - എയർ കണ്ടീഷണറുകൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ ഭരണവിഭാഗം ഓഫീസിലേക്ക് ആവശ്യമായ താഴെ പറയുന്ന സാങ്കേതികവിശദാംശങ്ങൾ അടങ്ങിയ 2 എയർകണ്ടീഷണറുകൾ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും തയ്യാറുള്ള എയർകണ്ടീഷണറുകളുടെ അംഗീകൃത വിതരണക്കാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. സ്റ്റെബിലൈസറുകൾ, സ്റ്റാന്റുകൾ, ഘടിപ്പിക്കാൻ ആവശ്യമായ മറ്റു സാധനസാമഗ്രികൾ എന്നിവ ഉൾപ്പെടെയുള്ള നിരക്കാണ് ക്വാട്ടു ചെയ്യേണ്ടത്.

**എയർകണ്ടീഷണറുകൾ വിശദാംശങ്ങൾ**

1.5 ടിആർ സ്പ്ലിറ്റ് എയർകണ്ടീഷണറും സ്റ്റെബിലൈസറും സപ്ലൈ, ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ് & കമ്മീഷണിംഗ്, മുഴുവൻ കോപ്പർ കണ്ടൻസർ, 5 സ്റ്റാർ സർട്ടിഫിക്കറ്റോടു കൂടിയ ഓരോന്നിന്റേയും നിരക്കുകൾ വെവ്വേറെ കാണിക്കേണ്ടതാണ്. ഇൻസ്റ്റലേഷൻ ചാർജും പ്രത്യേകം കാണിക്കണം.

1) ആവശ്യമായ എയർകണ്ടീഷണറുകൾ - 2 എണ്ണം
2) 4 കെ.വി. സ്റ്റെബിലൈസർ - 2 എണ്ണം
3) സ്റ്റാന്റ് - 2 എണ്ണം

ക്വട്ടേഷനോടൊപ്പം ഫീസായി 2000/- രൂപയുടെ മലയാളസർവകലാശാലയുടെ പേരിലെടുത്ത, തിരൂർ സ്റ്റേറ്റ് ബാങ്കിൽ മാറാവുന്ന, ഡിമാന്റ് ഡ്രാഫ്റ്റും എയർകണ്ടീഷണറിന്റെ സാങ്കേതിക വിശദാംശങ്ങൾ അംഗീകൃത ഡീലർമാരുടെ ലെറ്റർപാഡിൽ രേഖപ്പെടുത്തിയതും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

നിബന്ധനകൾ:

- വാറണ്ടി/ഗ്യാരണ്ടി കാലാവധി ഓഫറിൽ രേഖപ്പെടുത്തേണ്ടതാണ്.
- എയർകണ്ടീഷണർ വിതരണം ചെയ്യാൻ കമ്പനിയുടെ അധികാരമുള്ള അംഗീകൃത സ്ഥാപനമായിരിക്കണം.

എയർകണ്ടീഷണർ വാറന്റി കാലയളവ്, വർഷാവർഷമുള്ള മെയിന്റനൻസ് തുക, അംഗീകൃത വിതരണക്കാരാണെന്ന് കാണിക്കുന്ന ആധികാരിക രേഖ, മലയാളസർവ്വകലാശാലാ അക്കൗണ്ടിൽ മാറാവുന്ന 2,000/- രൂപയുടെ ഫീസ് എന്നിവ സഹിതമുള്ള സീൽ ചെയ്ത ക്വട്ടേഷനുകൾ 20.03.2020 ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. "**മലയാളസർവകലാശാല - എയർകണ്ടീഷണറുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ**" എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും വിശദാംശങ്ങളും വിലയും താരതമ്യം ചെയ്ത് തിരഞ്ഞെടുക്കുന്ന അംഗീകൃത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെങ്കിൽ 25.03.2020 ന് മുമ്പായി എയർകണ്ടീഷണറുകൾ വിതരണം ചെയ്ത് സ്ഥാപിച്ചുകൊള്ളാമെന്നുള്ള സാക്ഷ്യപത്രം ക്വട്ടേഷനോടൊപ്പം സമർപ്പിക്കണം.

**വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

തിരൂർ
മലപ്പുറം

ഡോ. ടി. അനിതകുമാരി
രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/മലയാളസർവകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/
മലയാളസർവകലാശാല വെബ്സൈറ്റ്/അക്കൗണ്ട്സ്/പി.ആർ.ഒ./എ.എ.ഒ./
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്